INDIAN CATHOLIC COMMUNITY
Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771
ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന

*ICC Bulletin Vol.2.2* *March-April 2007*

# Message of the Chaplain

*P.Thomas Thandappilly CST*

## നോമ്പുകാലം ഉയിർപ്പിന്റെ വസന്തം

ജീവിതനവീകരണത്തിനും, വിശുദ്ധീകരണത്തിനും സഹായകമായി വീൺടുമൊരു നോമ്പുകാലം ആഗതമായിരിയ്ക്കുന്നു. കിനാവുപോലെ കടന്നുപോകുന്ന ജീവിതത്തെ സത്യസന്ധമായി വിലയിരുത്തുവാനും, പുന:രാവിഷ്ക്കരിയ്ക്കുവാനുമുള്ള സുവർണ്ണാവസരം. പ്രാർത്ഥനയും, ഉപവാസവും, ദാനധർമ്മവുംവഴി ക്രിസ്തീയജീവിതത്തെ ഫലദായകമാക്കുവാനും, അനുതാപത്തിന്റേയും, അനുരഞ്ജ്ജനത്തിന്റേയും, പാപമോചനത്തിന്റേയും തീവ്രമായ നവീകരണാനുഭവം സാദ്ധ്യമാക്കുവാനും നമുക്കു് ലഭിച്ചിരിക്കുന്ന ഭാഗ്യനിമിഷങ്ങളാണിതു്. പ്രസാദവരജീവന്റെ സമൃദ്ധിയിലേയ്ക്കു് നാമോരോരുത്തരും, നമ്മുടെ കുടുംബങ്ങളും, ഇടവകയും കുതിച്ചുയരുവാനും, ആത്മീയശാക്തീകരണം പ്രാപിയ്ക്കുവാനും ഈ തപസുകാലം നമ്മെ സഹായിക്കട്ടെ.

അതിനു് ഉപയുക്തമായ സാദ്ധ്യതകൾ ശ്രദ്ധിയ്ക്കുക: ക്രിസ്തീയജീവിതത്തിന്റെ ഊർജ്ജകേന്ദ്രമായ വിശുദ്ധ കുർബ്ബാനയിൽനിന്നും ആവോളം ശക്തിയും പ്രചോദനവും പ്രാപിയ്ക്കുക. കൂദാശകൾ മുടക്കംകൂടാതെ സ്വീകരിയ്ക്കുക. യേശുവിന്റെ മൗതീകശരീരത്തിന്റെ യൂണിറ്റായ ഇടവകകൂട്ടായ്മയിൽ സജീവമായി പങ്കുചേരുക. ദാമ്പത്യജീവിതത്തെ നവീകരിച്ചു് ധന്യമാക്കുക. മക്കളെ സ്നേഹവാത്സല്യത്തോടെയും, ക്രിസ്തീയ ചൈതന്യത്തോടെയും ധാർമ്മികവും ആത്മീയവുമായ പോഷണം നൽകി വളർത്തുക. ജീവിതത്തിലെ പ്രതിസന്ധികളിലും, ദു:ഖങ്ങളിലും തളരാതെ ഈശ്വരസങ്കേതം തേടുക. അമിതമായ പുകവലി, മദ്യപാനം മുതലായ ദു:ശ്ശീലങ്ങളിൽനിന്നും ആസക്തികളിൽനിന്നും മനോധൈര്യത്തോടെ മോചിതരാവുക. കുടുംബബന്ധങ്ങളും, സാഹോദര്യബന്ധങ്ങളും സുദൃഢമാക്കുക. അങ്ങനെ, പക്വതയും, പ്രബുദ്ധതയുമുള്ള ഒരു ക്രിസ്തീയജീവിതത്തെ പരിപോഷിപ്പിക്കുവാൻ ഈ താപസ വസന്തകാലം നമുക്കു് സഹായകമാകട്ടെ.

നമ്മുടെ ആത്മീയജീവിതത്തെ ഫലദായകമാക്കുവാൻ ഉപകാരപ്രദമായ ചില നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക : ക്രിസ്തീയജീവിതത്തിലെ ഏററവും ഉദാത്തമായ ആവിഷ്ക്കാരമാണു് ഇടവകസമൂഹത്തോടു് ചേർന്നു് കർത്താവിന്റെ ദിവസമായ ഞായറാഴ്ചകളിൽ അർപ്പിക്കുന്ന വിശുദ്ധ കുർബ്ബാന. ഇടവകകൂട്ടായ്മയുടെ ഈ ബലിയർപ്പണാരാധന തലമുറകളായി നമുക്കു് ലഭിച്ചിരിക്കുന്ന ക്രിസ്തീയപൈതൃകത്തിന്റെ ഊഷ്മളതയിലും, മാതൃഭാഷാസംസ്ക്കാരത്തിന്റെ തനിമയിലും നടത്തുവാൻ പ്രവാസികളായ നമുക്കു് ലഭിച്ചിരിക്കുന്ന ഏററവും വലിയ ഭാഗ്യവും, ഈശ്വരാനുഗ്രഹവുമാണു്. അതുകൊൺടു് സാധിക്കുന്ന എല്ലാ ഞായറാഴ്ചകളിലും – മാസത്തിൽ രൺടു് ഞായറാഴ്ചകളിൽ എങ്കിലും മുടക്കം കൂടാതെ – നമ്മുടെ ICCഇടവകസമൂഹത്തിന്റെ വിശുദ്ധ കുർബ്ബാനയർപ്പണത്തിൽ കുടുംബസമേതം പങ്കുചേരുക. വിശ്വാസത്തോടും, വിശുദ്ധിയോടുംകൂടെ ദിവ്യകാരുണ്യം സ്വീകരിച്ചു് ശരീരത്തിലും, മനസ്സിലും, ആത്മാവിലും, കൂട്ടായ്മാബന്ധങ്ങളിലും ക്രിസ്തീയ അഭിഷേകചൈതന്യവും, ശക്തിയും, സന്തോഷവും, സമാധാനവും അങ്ങനെ ജീവന്റെ അപ്പം നൽകുന്ന ജീവസമൃദ്ധിയും അനുഭവിക്കുക. ഈ ജീവിതം യേശുവിലും, യേശുവിനോടുകൂടെയും അനുഭവിച്ചു് ആസ്വദിക്കുവാനുള്ളതാണു്. നിരാശയും, കുറ്റബോധവും, ആന്തരീകവൃണങ്ങൾകൊൺടുള്ള വിങ്ങലുകളും ഈ ജീവിതത്തിലെ ഈശ്വരാനുഗ്രഹത്തിന്റെ ഭാഗ്യനിമിഷങ്ങളെ പാഴാക്കരുതു്.

ഞായറാഴ്ചകളിലെ നമ്മുടെ കുർബ്ബാനയർപ്പണം സംബന്ധിച്ചു് പ്രത്യേകം ശ്രദ്ധിക്കുക: നമ്മുടെ വ്യഗ്രതകളെല്ലാം യേശുവിന്റെ കരങ്ങളിൽ ഏല്പിച്ചുകൊടുത്തു് ഈശ്വരാശ്രയബോധത്തോടെ അതായതു്, ഏകാഗ്രതയോടും, ഭക്തിയോടുംകൂടെ ഹൃദയംകൊൺടു് അർപ്പിക്കുന്ന അനുഭൂതിസമ്പന്നമായ ബലിയാകണം നമ്മുടെ കുർബ്ബാനയർപ്പണം.

കുർബ്ബാനയിൽ ആരാധനാഭാവങ്ങളോടെ പ്രാർത്ഥനകൾ സ്പുടമായി ഉറക്കെ ചൊല്ലുക, പാട്ടുകൾ സാധിക്കുന്നിടത്തോളം ഏകസ്വരത്തിൽ ശ്രുതിമധുരമായി ആലപിക്കുക, വിശുദ്ധ മദ്ബഹായിൽ, ക്രിസ്തുവിന്റെ പ്രതിനിധിയായിനിന്നു് വിശുദ്ധബലിയ്ക്കു് നേതൃത്വം കൊടുക്കുന്ന പുരോഹിതന്റെ കർമ്മാനുഷ്ഠാന ശുശ്രൂഷയിൽ സർവ്വാത്മനാ പങ്കുചേരുക, തിരുവചന വായനകൾക്കു് ശേഷമുള്ള വചനപ്രഘോഷണം (proclamation) ഏകാഗ്രതയോടെ ശ്രദ്ധാപൂർവ്വം ശ്രവിച്ചു്, ഗ്രഹിച്ചു് അവബോധമനസ്സിലേയ്ക്കു് ധ്യാനാത്മകമായി സ്വാംശീകരിക്കുക, ഹൃദയം നിറഞ്ഞ സ്നേഹവായ്പ്പോടെ ദിവ്യകാരുണ്യഭോജനം അനുഭവിക്കുക, കുർബ്ബാനയർപ്പണത്തിനുശേഷം ഇടവകസമൂഹത്തിനു് നൽകുന്ന ഇടയപ്രബോധനങ്ങൾ (pastoral exhortation) ശ്രദ്ധാപൂർവ്വം കേൾക്കുക. അങ്ങനെ നമ്മുടെ ഏറ്റവും ഉദാത്തമായ ആരാധനാർപ്പണത്തിലൂടെ ദൈവാത്മാവിന്റെ അഭിഷേകചൈതന്യം നിറഞ്ഞവരായിത്തീരുക.

നമ്മുടെ ഇടവകയിലെ കുഞ്ഞുങ്ങളുടെയും, യുവതീയുവാക്കളുടെയും വിശ്വാസപരിശീലനത്തിന്റെ ഭാഗമായി വളരെ താല്പര്യപൂർവ്വം നമ്മൾ ആരംഭിച്ചിരിക്കുന്ന മതബോധനദൗത്യം കുറെക്കൂടി കാര്യക്ഷമമായി
നിർവ്വഹിക്കുവാൻ മാതാപിതാക്കന്മാർ ശ്രദ്ധിക്കുമല്ലോ. മക്കളുടെ സമഗ്രമായ പരിപോഷണത്തിനുവേൺടി അർപ്പിക്കുന്ന ഓരോ നിമിഷവും ഭൂമിയിലും, സ്വർഗ്ഗത്തിലും അനുഗ്രഹീതമായിത്തീരും.

**Youth Koinonia**: നമ്മുടെ യുവതീയുവാക്കളുടെ ക്രിസ്തീയജീവിത ബോധവത്ക്കരണത്തിനുവേൺടി മാസത്തിലൊരിക്കൽ നടത്തുന്ന കൂട്ടായ്മാവേദിയാണിതു്. പതിനെട്ടു് വയസ്സിനു് താഴെയുള്ള എല്ലാ കത്തോലിക്കാ യുവതീയുവാക്കളും താത്പര്യപൂർവ്വം ഈ യുവജനകൂട്ടായ്മയിൽ പങ്കെടുക്കുവാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**Daily Malayalam Mass:** മാർച്ച്മാസം തുടങ്ങി തിങ്കൾ മുതൽ വെള്ളിവരെയുള്ള ദിവസങ്ങളിലെ കുർബ്ബാനയുടെ രണ്ടാമത്തെ നിയോഗം നമ്മുടെ മലയാളി ഇടവകയിലെ ഒരോ കുടുംബത്തിനും വേണ്ടിയാണ് (ലിസ്ററ് കാണുക))

## Greetings from the Assistant Chaplain: P. Thomas Mathew TOR

We have already been in the season of Lent. And the season reminds us and demands from us an interiorization of the life, death and resurrection of Jesus in our personal life. This time of grace therefore wants us to be in constant union with the Lord through intensive prayer. In order to sanctify this holy season of Lent let us closely follow Jesus himself. Jesus constant ‘communion with His Father’ gave him a clear mission.

St. Paul reminds us in 2 Corinthians that “now is a very acceptable time; behold, now is the day of salvation” (6:2). Let us therefore find some time of the day to be with the Lord, our Saviour and also help one another in our family and in our community at this ‘hour’ to recognize and experience the Lord and live him.

Along with this thought I also take this opportunity to thank all of you for the welcome you extended to me to be the assistant pastor of the ICC community in Vienna. Although I have not met probably every member of this community, I hope in course of my stay with you there will be certainly an opportunity to know you all personally. I hope and pray that almighty God guide me in this endure to serve you during my stay. I request your constant prayer, support and collaboration always. Let us therefore work together to build a better and vibrant community. Let God lead us in our life and commitment.

**Your assistant Chaplain**
**Thomas Vadathumukalel TOR**

---

# Important Events in March-April 2007

1. Annual Retreat conducted by Rev. Dr. Jose Puthiedath & Mr. Raju Vellukunnel (spiritual guidance)
   29th Thursday, March 2007, 14.00 hrs to 19.00 hrs.
   30th Friday , 09.00 hrs to 19.00 hrs.
   31st Saturday, 09.00 hrs to 16.00 hrs.
   1st Palm Sunday, April 2007,13.00 hrs to 20.00 hrs.
   2nd Monday & 3rd Tuesday 14.00 hrs to 19.00 hrs.
   7th Holy Saturday , 09.30 hrs to 16.00 hrs. Retreat for the Youth above 12 yrs in St. Katherina Hall, Aspern
2. Jubilee Year Sports on 2nd June 2007
3. Jubilee Cultural Evening on 13th Oct. 2007 at 18. 00 hrs. in Haus der Begegnung Floridsdorf.
4. A Solemn Concluding Liturgy of the Silver Jubilee Year on 14th Oct. 2007

To meet the expenses for the above-mentioned programmes, the ICC Parish Community requests a “responsible” contribution of € 50-, from every registered family of the Indian Catholic Community. We welcome also a “free” contribution from all other non-registered Malayalee families for the Jubilee Celebrations. The contribution is expected to be given on or before 3 Ist May 2007. Afterwards a reminder will be published of those ICC registered families, who have not given their due contribution. Further dues from the ICC-registered families will be recorded in the Family Registration Book of the ICC Jubilee Year 2007. A copy of this Jubilee Registration Book will be presented to HE Christoph Cardinal Schönborn, Archbishop of Vienna.

| | | | |
|---|---|---|---|
| Maundy Thursday | 5th April | 14. 00 | Maria Lourdes, Meidling |
| Good Friday | 6h April | 9. 30 | Maria Lourdes, Meidling |
| Holy Saturday | 7th April | 8. 05 | Maria Lourdes, Meidling |
| Easter Sunday Solemn Easter Liturgy | 8th April | 15.00hr | Maria Lourdes Meidling |
| Youth Festival (Kairaly Nikethan ) ( Music & Elocution Competition) | Easter Monday, 9th April | 14-20hr | Maria Lourdes Meidling |
| Painting Competition | 14th April | 17- 19hr | SSP Hall |
| **ICCYouth Festiva**l (Kairaly Nikethan ) (Dance, Fancy Dress) | 28th April, Saturday<br>Prize Distribution of Youth Fest. | 10-21hr | Haus der Begegnung, Floridsdorf |
| Preparation Classes for Firmung by Rev. Fr. Davis Kalappurackal | 22nd, 29th April,<br>6th, 13th, 20th May | 15. 00<br>to 16.30 | Maria Lourdes, Meidling |

(Verleger: Thomas Sebastian for the Indian Catholic Community Vienna)